بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 24.04.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## റമളാൻ-വിശുദ്ധ ഖുർആൻ അവതരിക്കപ്പെട്ട പുണ്യമാസം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ـ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۙ الرَّحْمٰنِ الرَّحِيْمِ ۙ مٰلِكِ يَوْمِ الدِّيْنِ ؕ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ؕ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۙ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ٪

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ
لَعَلَّكُمْ تَتَّقُوْنَ ۙ ١٨٤ اَيَّامًا مَّعْدُوْدٰتٍ ؕ فَمَنْ كَانَ مِنْكُمْ مَّرِيْضًا اَوْ عَلٰى
سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ وَعَلَى الَّذِيْنَ يُطِيْقُوْنَهٗ فِدْيَةٌ طَعَامُ مِسْكِيْنٍ ؕ
فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهٗ ؕ وَاَنْ تَصُوْمُوْا خَيْرٌ لَّكُمْ اِنْ كُنْتُمْ تَعْلَمُوْنَ ١٨٥
شَهْرُ رَمَضَانَ الَّذِيْۤ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى
وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ؕ وَمَنْ كَانَ مَرِيْضًا اَوْ عَلٰى سَفَرٍ
فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ يُرِيْدُ اللّٰهُ بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ الْعُسْرَ ۫
وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ تَشْكُرُوْنَ ١٨٦

സുറത്തുൽ ബഖറയിലെ 184 മുതൽ 186 വരെയുള്ള ആയത്തുകൾ ഓതിക്കൊണ്ട് ഹുസൂർ പറഞ്ഞു;

ഈ ആയത്തുകളുടെ അർത്ഥം ഇപ്രകാരമാകുന്നു; വിശ്വാസികളെ നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകുന്നതിനു വേണ്ടി. അതിനാൽ നിങ്ങൾ നിശ്ചിത ദിനങ്ങളിൽ വ്രതമനുഷ്ഠിക്കുക . എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. ഫിദ്‌യ (പ്രായശ്ചിത്തം) നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും.നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പ് അനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ. സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ അല്ലാത്ത അവസ്ഥയിൽ ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാകുകയോ യാത്രയിലാകുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. (അൽബഖറ: 184- 186).

നമ്മുടെ ആത്മീയ അഭിവൃദ്ധിക്കു വേണ്ടിയാണ് അല്ലാഹു വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നത്. നിങ്ങൾ ഭയഭക്തി കൈക്കൊള്ളുന്നതിനു വേണ്ടിയാണ് ഞാൻ വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നതെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. തഖ്‌വ അഥവാ ഭയഭക്തി എന്താണെന്ന് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; തഖ്‌വ എന്നാൽ മനുഷ്യൻ അല്ലാഹുവിനോടുള്ള എല്ലാ പ്രതിബദ്ധതകളും വിശ്വാസ സംബന്ധമായ പ്രതിജ്ഞകളും അതുപോലെ അവന്റെ സൃഷ്ടികളുടെ എല്ലാ പ്രതിബദ്ധതകളും പ്രതിജ്ഞകളും കഴിവിന്റെ പരമാവധി പാലിക്കുക എന്നതാണ്. യഥാർത്ഥ വിശ്വാസമെന്നത് അല്ലാഹുവിനോട് ചെയ്ത പ്രതിജ്ഞകൾ പൂർത്തിയാക്കുന്നതോടൊപ്പം സൃഷ്ടികളോട് ചെയ്ത പ്രതിജ്ഞകൾ വളരെ സൂക്ഷ്മതയോടെ നിറവേറുക എന്നതാണ്. അപ്പോൾ മാത്രമേ തഖ്‌വയുണ്ടെന്ന് പറയാൻ സാധിക്കുകയുള്ളൂ. അല്ലാഹു പറയുന്നു; വർഷത്തിലെ പതിനൊന്ന് മാസങ്ങളിൽ കടമകൾ നിറവേറ്റുന്ന കാര്യത്തിൽ നിങ്ങൾക്ക് വന്നുപോയിട്ടുള്ള വീഴ്ചകളെയും കുറവുകളെയും അല്ലാഹവിലേക്കു മാത്രം ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് പൂർത്തിയാക്കുന്നതിന്റെ പേരാണ് തഖ്‌വ. വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യവും അതുതന്നെയാണ്. ഈയൊരു ലക്ഷ്യം കരസ്ഥമാക്കുമെന്ന ഉദ്ദേശ്യത്തോടെ മനുഷ്യൻ വ്രതമനുഷ്ഠിക്കുകയും റമളാൻ സദുദ്ദേശ്യത്തോടെ കഴിച്ചുകൂട്ടുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന പരിവർത്തനം താല്കാലികമായിരിക്കുകയില്ല മറിച്ച് അത് സ്ഥിരമായ ഒരു പരിവർത്തനമായിരിക്കും.

നബി(സ)തിരുമേനി ഒരവസരത്തിൽ പറയുകയുണ്ടായി; അല്ലാഹുവിന്റെ അനുഗ്രഹം കാംക്ഷിച്ചുകൊണ്ട് അവനു വേണ്ടി വ്രതമനുഷ്ഠിക്കുന്ന ഒരു ദാസനും നരകത്തിനുമിടയിൽ എഴുപതു വർഷത്തിനു സമാനമായ അകലം ഉണ്ടാക്കുന്നതാണ്. അതായത് വ്രതാനുഷ്ഠാനം കൊണ്ട് വെറും മുപ്പത് ദിവസത്തെ തഖ്‌വയല്ല ഉണ്ടാക്കുക മറിച്ച് യഥാർത്ഥ വ്രതാനുഷ്ഠാനത്തിന്റെ സ്വാധീനം എഴുപതു വർഷങ്ങളോളം നിലനിൽക്കുന്നതാണ്. ഇതു പ്രകാരം വ്രതാനഷ്ഠാനത്തിൽ നിന്നും ശരിയായ ഫലമെടുക്കുകയും അതിന്റെ യഥാർഥ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് വ്രതമനുഷ്ഠിക്കുകയും ചെയ്യുന്ന ഒരാൾ അല്ലാഹു വ്രതാനഷ്ഠാനത്തിൽ വച്ചിട്ടുള്ള ഐശ്വര്യങ്ങളിൽ നിന്നും ആയുഷ്കാലം മുഴുവനും ഫലം പ്രാപിച്ചുകൊണ്ടിരിക്കുന്നതാണ്.

ഹുസൂർ പറയുന്നു; ഇപ്പോൾ വ്യാപിച്ചിരിക്കുന്ന ഈ മഹാവ്യാധി ഭൂരിഭാഗം ആളുകളെയും വീടിനകത്ത് അടച്ചിരിക്കുകയാണ്. ഇന്നാളുകളിൽ അതാതു രാജ്യങ്ങളിൽ ആവശ്യമായിട്ടുള്ള സ്ഥലങ്ങളിലെല്ലാം ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ കീഴിൽ സാധനങ്ങളും മരുന്നുകളും എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴുണ്ടായിട്ടുള്ള മാനവകുലത്തിന് സേവനം ചെയ്യണമെന്ന ഈ ചിന്ത അടിയന്തിര ഘട്ടങ്ങളിൽ മാത്രം പോരാ മറിച്ച് എന്നെന്നും നമ്മുടെയുള്ളിൽ നിലനിൽക്കേണ്ടതാണ്. അതിനുപുറമെ ആത്മീയ ഗുണങ്ങളും ഉണ്ടായിട്ടുണ്ട്. നമ്മുടെ വീടുകളിൽ ഒരു പുതിയ അന്തരീക്ഷം സംജാതമായിരിക്കുന്നു. ജമാഅത്തായുള്ള നമസ്കാരവും ഹ്രസ്വമായ ദർസും നടക്കുന്നു. എം.ടി.എ യിൽ ഖുത്ബയും മറ്റു പ്രോഗ്രാമുകളും കാണുന്നു. ഈ ലോക്ഡൗൺ കൂടുതൽ നീളുകയാണെങ്കിൽ, അത് റമളാൻ മാസം മുഴുവൻ നിലനിൽക്കുകയാണെങ്കിൽ ഇതുപോലെതന്നെ ജമാഅത്തായുള്ള നമസ്കാരവും ദർസുകളും കൂടുതൽ ശ്രദ്ധയോടെ ചെയ്തുകൊണ്ടിരിക്കാൻ ശ്രമിക്കേണ്ടതാണ്. കുട്ടികൾക്ക് ചെറിയ ചെറിയ മസലകൾ അഥവാ മതവിധികൾ പഠിപ്പിക്കുക, പറഞ്ഞുകൊടുക്കുക. സ്വന്തം അറിവും കുട്ടികളുടെ അറിവും വർദ്ധിപ്പിക്കുക. ദുആയിലേക്ക് പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് തങ്ങൾക്കുവേണ്ടിയും ലോകത്തിനു വേണ്ടിയും അല്ലാഹുവിന്റെ കാരുണ്യം തേടുക. ഇത്തരം സാഹചര്യത്തിൽ അല്ലാഹുവിലേക്ക് കുനിയുകയും അവന്റെ തൃപ്തി കരസ്ഥമാക്കുകയും ചെയ്യേണ്ടതുണ്ട്. കുട്ടികളെയും അല്ലാഹുവിലേക്ക് കൂടുതലായി അടുപ്പിക്കാൻ പറ്റിയ സമയമാണിത്. അതുകൊണ്ട് നമ്മുടെ അഹ്‌മദി വീടുകൾ ഇക്കാര്യത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ നമുക്ക് അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കിക്കൊണ്ട് നമ്മുടെ പര്യവസാനം ശുഭകരമാക്കാൻ സാധിക്കുന്നതാണ്. അല്ലാഹു നമുക്ക് തഖ്‌വയുടെ യാഥാർഥ്യം മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ.

ഇപ്പോഴുള്ള വൈറസ് രോഗം കാരണം ആളുകൾ ചോദിക്കുന്നു, അതായത് വ്രതമെടുത്താൽ തൊണ്ട വരളുകയും അതുമൂലം രോഗം പിടിപെടാൻ സാധ്യത കൂടുകയും ചെയ്യും അതുകൊണ്ട് ഞങ്ങൾ വ്രതമെടുക്കണോ ഉപേക്ഷിക്കണോ? ഇതു സംബന്ധമായി ഞാൻ പൊതുവായൊരു ഫത്‌വ നൽകുന്നില്ല. ഞാൻ പൊതുവെ എഴുതാറുള്ളത് ഇതാണ്; നിങ്ങൾ നിങ്ങളുടെ സ്വന്തം അവസ്ഥയ്ക്കനുസരിച്ച് തീരുമാനമെടുക്കുക. ശുദ്ധഹൃദയരായി തഖ്‌വയോടു കൂടി സ്വന്തം മനസ്സിനോട് ഫത്‌വ ചോദിക്കുക. രോഗിയാണെങ്കിൽ വ്രതമെടുക്കരുത് എന്ന വ്യക്തമായ നിർദ്ദേശം വിശുദ്ധഖുർആനിലുണ്ട്. രോഗിയാകാൻ സാധ്യതയുണ്ടെന്ന കാരണത്താൽ വ്രതമുപേക്ഷിക്കുന്നത് തെറ്റാണ്. ഇനി വ്രതമെടുക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാൻ സാധ്യതയുണ്ടെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ടെന്ന് പറയുന്നവരോട് എനിക്ക് പറയാനുള്ളത്, ഞാൻ വിദഗ്ദരായ പല ഡോക്ടർമാരുടേയും അഭിപ്രായം തേടിയിട്ടുണ്ട്. വ്യത്യസ്തമായ അഭിപ്രായങ്ങൾ വച്ചു നോക്കിയതിനു ശേഷം, വ്രതമെടുക്കുന്നതുകൊണ്ട് കുഴപ്പമില്ല എന്ന അഭിപ്രായത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. എന്നാൽ അല്പം പോലും സംശയമുണ്ടെങ്കിൽ ഉടനെ നോമ്പ് ഉപേക്ഷിക്കേണ്ടതാണ്. നോമ്പെടുക്കുന്ന സമയത്തും നോമ്പ് തുറക്കുന്ന സമയത്തും വെള്ളം കുടിക്കുക. അകാരണമായി നോമ്പ് ഉപേക്ഷിക്കുന്നുണ്ടോ, അനാവശ്യമായ ഒഴികഴിവ് കാണിക്കുന്നെന്ന് ഹദ്റത്ത മസീഹ് മൗഊദ്(അ) പറഞ്ഞ കൂട്ടത്തിൽ ഉൾപ്പെടുന്നുണ്ടോ എന്ന് നോക്കുക. ഏതായിരുന്നാലും മുൻകരുതൽ അനിവാര്യമാണ്. ഓരോരുത്തരും അവരവരുടെ മനസ്സാക്ഷിയോട് ഫത്‌വ ചോദിക്കുക.

വ്രതമെടുക്കാൻ സൗഭാഗ്യം ലഭിക്കുന്നതിനായി അല്ലാഹുവിനോട് ദുആ ചെയ്യുക. ഈ ദിനങ്ങളിൽ വളരെയധികം ദുആ ചെയ്യുക. അല്ലാഹു മനുഷ്യർക്ക് ബുദ്ധി നൽകുമാറാകട്ടെ. ദൈവത്തെ തിരിച്ചറിയുന്നവരാക്കട്ടെ. അല്ലാഹുലോകത്തുനിന്നും ഈ മഹാവ്യാധിയെ എത്രയും പെട്ടെന്ന് ഇല്ലാതാക്കട്ടെ. ലോകത്തോട് കരുണ കാണിക്കുമാറാകട്ടെ. നാം അഹ്‌മദികളും തഖ്‌വയിലൂടെ ചലിച്ചുകൊണ്ട് അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ പൂർത്തിയാക്കുന്നവരാകട്ടെ, റമളാനിൽ നിന്ന് തികച്ചും ഫലമെടുക്കുന്നവരാകട്ടെ.

ഒരു കാര്യം കൂടി ഓർക്കുക ഇന്ന് ലോകത്തിന്റെ പൊതുവിലുള്ള അവസ്ഥയും സാമ്പത്തികാവസ്ഥയും അങ്ങേയറ്റം മോശമായിരിക്കുകയാണ്. സാമ്പത്തികാവസ്ഥ ഇത്തരത്തിൽ മോശമായിത്തീരുമ്പോൾ യുദ്ധങ്ങളുണ്ടാകുവാനുള്ള സാധ്യതയും കൂടുന്നു. അതിനെ തുടർന്ന് ഭൗതീക ഭരണകൂടങ്ങൾ അവരുടെ പ്രശ്

നപരിഹാരത്തിനും കാര്യാലാഭത്തിനും വേണ്ടി ഭൗതീകമായ തന്ത്രങ്ങളന്വേഷിക്കുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ ശ്രദ്ധ തെറ്റിക്കുന്നതിനായി ഭാവിയിൽ കൂടുതൽ പ്രശ്നങ്ങളുണ്ടായേക്കാവുന്ന തരത്തിലുള്ള കാര്യങ്ങൾ പറയുന്നു. അതിനെ തുടർന്ന് കൂടുതൽ നാശത്തിലേക്ക് ജനങ്ങൾ ചെന്നെത്തുകയും ചെയ്യുന്നു. അല്ലാഹു ഈ വൻശക്തികൾക്ക് ബുദ്ധി നൽകട്ടെ, അവർ ബുദ്ധി ഉപയോഗിക്കുമാറാകട്ടെ. ഭാവിയിൽ കൂടുതൽ കുഴപ്പങ്ങളും നാശങ്ങളും ഉണ്ടായേക്കാവുന്ന ഒരു നീക്കവും നടത്താതിരിക്കട്ടെ. പത്രങ്ങളിൽ ഇപ്പോൾ തുറന്നനിലയിൽ ഇക്കാര്യം വന്നുകൊണ്ടിരിക്കുന്നു. അവലോകനം ചെയ്യുന്നവർ പറഞ്ഞുകൊണ്ടിരിക്കുന്നു, അമേരിക്ക ഇറാനെ ഭീഷണിപ്പെടുത്തുകയും ശരിയായ വിവരം നൽകിയില്ല എന്ന് ചൈനയുടെ മേൽ ആരോപണം ഉന്നയിക്കുകയും ചെയ്യുന്നു. അതിനെതിരായി കേസ് നടത്തണമെന്നും അവരോട് അത്തരത്തിലാണ് പെരുമാറേണ്ടതെന്നും പറയുന്നു. അവരോട് ഞങ്ങൾ അങ്ങനെ ചെയ്യും, ഇറാനോട് ഞങ്ങൾ ഇങ്ങനെ ചെയ്യുമെന്നെല്ലാം പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ അമേരിക്കൻ ഭരണകൂടവും ബുദ്ധിപൂർവ്വം പെരുമാറേണ്ടതാണ്, മറ്റെല്ലാ ഭരണകൂടങ്ങളും ബുദ്ധിയോടെ പെരുമാറേണ്ടതാണ്. ഇപ്പോഴത്തെ അവസ്ഥയിൽ ഒരു തെറ്റായ തീരുമാനത്തിലേക്കു പോയിക്കൊണ്ട് ലോകത്തെ കൂടുതൽ നാശത്തിലേക്കു കൊണ്ടു പോകുന്നതിനു പകരം ശരിയായ ചിന്തയോടെ, ശരിയായ പ്ലാനിംഗ് ചെയ്ത് അല്ലാഹുവിലേക്കു തിരിഞ്ഞുകൊണ്ട് അവനോട് ഈ മഹാവ്യാധിയിൽ നിന്നും രക്ഷപ്പെടുന്നതിനായി സഹായമഭ്യർത്ഥിച്ചുകൊണ്ടിരിക്കുകയും ഈ രോഗത്തിന് ചികിത്സ കണ്ടെത്താനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞൻമാരെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

അല്ലാഹു നമുക്ക് ദുആ ചെയ്യുവാനും നമ്മുടെ അവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ. ലോകത്തിലെ വൻ ഭരണകൂടങ്ങൾക്ക് ബുദ്ധിപൂർവ്വം രാഷ്ട്രീയ നയങ്ങൾ രൂപീകരിച്ചുകൊണ്ട് ഭാവിയിലേക്കുള്ള പ്രവർത്തനരൂപരേഖ തയ്യാറാക്കുവാനുമുള്ള തൗഫീഖ് നൽകുമാറാകട്ടെ.(ആമീൻ).

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ.

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 24.04.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516